**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 903** **10-06-2021 - ൽ മറുപടിയ്ക്ക്**

**കുട്ടികളുടെ ഡിജിറ്റൽ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri V Sivankutty<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരി കാരണം സർക്കാർ നടപ്പിലാക്കിയ ഡിജിറ്റൽ പഠനത്തിൽ പ്രൈമറി വിഭാഗം കുട്ടികൾക്ക് വൈമുഖ്യമുള്ളതായി കരുതുന്നുണ്ടോ; | (എ) | ഇല്ല. കുട്ടികളുടെ പ്രായത്തിനും പഠന നിലവാരത്തിനും അനുസൃതമായ തരത്തിലും ദൈർഘ്യത്തിലുമുള്ള ക്ലാസുകളാണ് ശാസ്ത്രീയമായിത്തന്നെ കൈറ്റ് വിക്ടേഴ്സിലൂടെ നിലവിൽ സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുന്നത്. ലോവർ പ്രൈമറി വിഭാഗത്തിന് 20 മുതൽ 30 മിനിറ്റുവരെ മാത്രമുള്ള ഒരു ക്ലാസാണ് ഒരു ദിവസം ക്രമീകരിച്ചിരിക്കുന്നത്. വിക്ടേഴ്സി ലൂടെയുള്ള ക്ലാസുകൾ കൂടുതൽ താല്പര്യത്തോടെ വീക്ഷിക്കുന്നത് പ്രൈമറി വിഭാഗം കുട്ടികളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുവാൻ ഈ അധ്യായന വർഷം മുതൽ ക്രിയാത്മകമായ എന്ത് നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഇല്ല. കുട്ടികളുടെ പ്രായത്തിനും പഠന നിലവാരത്തിനും അനുസൃതമായ തരത്തിലും ദൈർഘ്യത്തിലുമുള്ള ക്ലാസുകളാണ് ശാസ്ത്രീയ മായിത്തന്നെ കൈറ്റ് വിക്ടേഴ്സിലൂടെ നിലവിൽ സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുന്നത്. ലോവർ പ്രൈമറി വിഭാഗത്തിന് 20 മുതൽ 30 മിനിറ്റുവരെ മാത്രമുള്ള ഒരു ക്ലാസാണ് ഒരു ദിവസം ക്രമീകരിച്ചിരിക്കുന്നത്. വിക്ടേഴ്സി ലൂടെയുള്ള ക്ലാസുകൾ കൂടുതൽ താല്പര്യത്തോടെ വീക്ഷിക്കുന്നത് പ്രൈമറി വിഭാഗം കുട്ടികളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (സി) | വിദൂരത്തിൽ നിന്ന് സംസ്ഥാനത്തെ ഓരോ ക്ലാസ്സിലെയും കുട്ടികൾക്കായി ഒരധ്യാപകൻ ക്ലാസ്സുകൾ എടുക്കുന്ന രീതിക്ക് മാറ്റം വരുത്തുവാനും ഓരോ സ്കൂളിലെയും അധ്യാപകർ അവരവരുടെ വിദ്യാർത്ഥികൾക്ക് ഓൺലൈനായി ക്ലാസ്സ് എടുക്കുന്ന സംവിധാനം സംസ്ഥാന വ്യാപകമായി നടപ്പാക്കാനും തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ഓരോ സ്കൂളിലെയും അധ്യാപകർ അവരവരുടെ വിദ്യാർത്ഥികൾക്ക് ഓൺലൈനായി ക്ലാസ്സ് എടുക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇപ്പോഴത്തെ പ്രത്യേക പഠന പ്രക്രിയയിൽ സംസ്ഥാനത്തെ കുട്ടികളിൽ നാലിലൊന്നോളം പേർ വിഷാദാനുഭവമുള്ളവരാണെന്ന് കരുതുന്നുണ്ടോ; | (ഡി) | ഇല്ല. 2020 ജൂൺ 1-ന് 'ഫസ്റ്റ്ബെൽ' എന്ന പേരിൽ ഡിജിറ്റൽ ക്ലാസുകൾ ആരംഭിക്കുമ്പോൾ തന്നെ ഇതൊരു ബദൽ ക്ലാസല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കുട്ടിയുടെ മാനസിക ആരോഗ്യം പരിഗണിച്ച് കലാ-കായിക വിദ്യാഭ്യാസം, പ്രവൃത്തി പരിചയം, ലൈഫ് സ്കിൽ, സൈബർ സേഫ്റ്റി തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകിയുള്ള ക്ലാസുകളും വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്.കൂടാതെ 'അതിജീവനം', 'കോവിഡ് പ്രതിരോധം' എന്നീ പേരുകളിൽ ഡോക്ടർമാർ, ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധർ എന്നിവരുമായി ലൈവ് ഫോൺ ഇൻ പ്രോഗ്രാമും വിക്ടേഴ്സിലൂടെ ക്രമീകരിച്ചിട്ടുണ്ട്. |
| (ഇ) | എങ്കിൽ ഇത്തരം കുട്ടികൾക്ക് കൗൺസിലിങ് സംവിധാനമേർപ്പെടുത്തുന്നതുൾപ്പെടെയുള്ള നടപടികൾക്ക് തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കാമോ; | (ഇ) | ഇല്ല. 2020 ജൂൺ 1-ന് 'ഫസ്റ്റ്ബെൽ' എന്ന പേരിൽ ഡിജിറ്റൽ ക്ലാസുകൾ ആരംഭിക്കുമ്പോൾ തന്നെ ഇതൊരു ബദൽ ക്ലാസല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കുട്ടിയുടെ മാനസിക ആരോഗ്യം പരിഗണിച്ച് കലാ-കായിക വിദ്യാഭ്യാസം, പ്രവൃത്തി പരിചയം, ലൈഫ് സ്കിൽ, സൈബർ സേഫ്റ്റി തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകിയുള്ള ക്ലാസുകളും വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്.കൂടാതെ 'അതിജീവനം', 'കോവിഡ് പ്രതിരോധം' എന്നീ പേരുകളിൽ ഡോക്ടർമാർ, ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധർ എന്നിവരുമായി ലൈവ് ഫോൺ ഇൻ പ്രോഗ്രാമും വിക്ടേഴ്സിലൂടെ ക്രമീകരിച്ചിട്ടുണ്ട്. |
| (എഫ്) | കോവിഡ് മഹാമാരിയുടെ മറവിൽ സംസ്ഥാനത്തെ പ്രൈമറി വിഭാഗങ്ങളിലെ അധ്യാപകരിൽ ഒരു നിശ്ചിത ശതമാനമെങ്കിലും യാതൊരുവിധ ജോലിയും ചെയ്യാതെ കഴിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (എഫ്) | ഡിജിറ്റൽ ക്ലാസ്സുകളുടെ തുടർപഠന പ്രവർത്തനങ്ങളിൽ അധ്യാപകർ പങ്കാളികളാകുന്നുണ്ട്. കൂടാതെ ഡിജിറ്റൽ ക്ലാസ്സുകളുടെ നിർമ്മാണ പ്രവർത്തനങ്ങളിലും ചെറിയൊരുവിഭാഗം അധ്യാപകർ പങ്കെടുത്തുവരുന്നുണ്ട്. ഇതിനു പുറമെ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ നിർദ്ദേശാനുസരണം കോവിഡ് ഡ്യൂട്ടിക്കായി വലിയൊരു വിഭാഗം അധ്യാപകരെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ